(സി) പ്രതിമാസം ഒ ഏക്രുപ.

(ഡി) കാലാവധി ക്ലിപ്തപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് നീട്ടേണ്ട ആവശ്യം ഇല്ല.

## ഡിലിമിറ്റേഷൻ കമ്മിറ്റിറിപ്പോർട്ട്

*൧൦(൫൩) സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഇവിടത്തെ ഡിലിമിറ്റേഷൻ കമ്മിറ്റിറിപ്പോർട്ട് ഗവണ്മെന്റിനു കിട്ടിക്കഴിഞ്ഞോ എന്നും കിട്ടികഴിഞ്ഞെങ്കിൽ ഗവണ്മെന്റഗീകരണം കഴിഞ്ഞോ എന്നും ദയവായി പറയാമോ;

(ബി) ഇതിനെ സംബന്ധിച്ചു പൊതുജനങ്ങളുടെ അഭിപ്രായമോ അസംബ്ലിയുടെ അഭിപ്രായമോ ഗവണ്മെന്റ് ആരായുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ അതു് എപ്പോഴാണെന്നും പറയാമോ;

(സി) നിയോജകമണ്ഡലങ്ങൾ തിരിച്ചിരിക്കുന്നതു എങ്ങിനെയാണെന്നു് ദയവായി പറയാമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കിട്ടികഴിഞ്ഞു. ഗവണ്മെന്റ് ആ റിപ്പോർട്ട് ചില ഭേഗതികളോടുകൂടി ഇലക്ഷൻ കമ്മീഷനു് അയച്ചുകൊടുത്തിട്ടുണ്ടു്.

(ബി) ഇപ്പോഴത്തെ അസംബ്ലിയിൽതന്നെ ഈ റിപ്പോർട്ട് ബഹു. മെമ്പർമാരുടെ വാദപ്രതിവാദത്തിനുവേണ്ടി അവതരിപ്പിക്കുന്നുണ്ടു്.

(സി) നിയോജക മണ്ഡലങ്ങൾ തിരിച്ചിരിക്കുന്നതു് എങ്ങിനെയാണെന്നു് കാണിക്കുന്ന ലിസ്റ്റ് അസംബ്ലി മേശപ്പുറത്തു വച്ചിട്ടുണ്ടു്.

## ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷന്റെ പ്രസ്താവന

*൧൧.(൫൪) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

'ആത്മാഭിമാനത്തോടു ഉദ്യോഗം വഹിക്ക എന്നതു് തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിൽ ഇന്നസാദ്ധ്യം' എന്നു് ഒരു ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷൻ ഒരു പ്രസ്താവന ചെയ്തതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

ചോദ്യത്തിൽ വിവക്ഷിക്കുന്ന പ്രകാരം ഒരു പ്രസ്താവന നടന്നതായി ചില പത്രങ്ങളിൽ റിപ്പോർട്ടു ചെയ്തതായി കാണുന്നുണ്ടു്. എന്നാൽ ആ ഉദ്യോഗസ്ഥൻതന്നെ താൻ അങ്ങനെ പ്രസ്താവിച്ചിട്ടില്ലെന്നു ഗവണ്മെന്റിനെ അറിയിക്കുകയും ആ വിവരം പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്.

## പൊതു ഒഴിവുദിവസം

*൧൨. (൫൫) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) കൊച്ചി–തിരുവിതാംകൂർ സംയോജനം നടന്ന ജൂലൈ ൧–ാംനു ഒരു പബ്ലിക്കു് ഒഴിവുദിവസമായി പ്രഖ്യാപിക്കണമെന്നു് ഗവണ്മെന്റു് ആലോചിച്ചിട്ടുണ്ടോ;

(ബി) അതിനെസംബന്ധിച്ചു് ഗവണ്മെന്റിനു് വല്ല നിർദ്ദേശവും കിട്ടിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly